സ്ഥലം		വാർഡ്
പള്ളിക്കൽ	..	19
ഓലത്തിർ പ്രദേശം	..	4
സ്ക്കൗട്ട് ഭവൻ	..	11
പുതിയ ബസ്റ്റാന്റ്	..	4

കാഞ്ഞങ്ങാട് ഐ.സി.ഡി.എസ്.

കാഞ്ഞങ്ങാട്	പുതിക്കൈ ..	19

ബാലുശ്ശേരി ബ്ലോക്കിലെ അംഗൻവാടികൾ

58 [512] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി ബ്ലോക്കിലെ ഐ.സി.ഡി.എസ്. പ്രോജക്ടിൽ ആകെ എത്ര അംഗൻവാടികൾ അനുവദിക്കപ്പെട്ടിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ;

(ബി) ഈ അംഗൻവാടികൾ എത്ര എണ്ണം ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്;

(സി) അനുവദിക്കപ്പെട്ട അംഗൻവാടികളിൽ കുട്ടികൾ ഇല്ലാതെ വന്നതുകൊണ്ട് പ്രവർത്തനരഹിതമായിട്ടുള്ളതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര എന്നും ഏതെല്ലാമാണെന്നും വെളിപ്പെടുത്താമോ;

(ഡി) ഈ അംഗൻവാടികളിൽ എത്ര എണ്ണത്തിന് സ്വന്തം കെട്ടിടം പണിതിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 244 അംഗൻവാടികൾ അനുവദിച്ചിട്ടുണ്ട്.

(ബി) 227 എണ്ണം ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്.

(സി) കുട്ടികൾ ഇല്ലാതെ വന്നതുകൊണ്ട് ഒരു അംഗൻവാടിയും പ്രവർത്തനരഹിതമായിട്ടുള്ളതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

(ഡി) 163 അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം പണിതിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയിലെ അംഗൻവാടികൾ

59 [513] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ സാമൂഹ്യക്ഷേമ വകുപ്പിൻ കീഴിൽ എത്ര അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly